## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 716 — 28.02.2017-ൽ മറുപടിയ്ക്ക്

## നോട്ട് പിൻവലിക്കൽ മൂലം സഹകരണ മേഖലയിലുണ്ടായ പ്രതിസന്ധി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. വി. ജോയി | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രസർക്കാർ അഞ്ഞൂറ്, ആയിരം രൂപ നോട്ടുകൾ പിൻവലിച്ചതിനുശേഷം ഈ സർക്കാർ സഹകരണ മേഖലയെ സംരക്ഷിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (എ) സഹകരണ മേഖലയോടുള്ള സമീപനം തിരുത്തണമെന്ന് പ്രത്യേക നിയമസഭാ സമ്മേളനം ചേർന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടുകയും സർവ്വകക്ഷി നിവേദക സംഘത്തെ കേന്ദ്രത്തിലേക്ക് അയയ്ക്കുന്നതിന് തീരുമാനിക്കുകയും ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ സെൻട്രൽ ബാങ്ക് കോൺഫറൻസ് ചേർന്ന് സഹകരണ മേഖലയിൽ സ്വീകരിക്കേണ്ട നടപടികൾ തീരുമാനിക്കുകയും ചെയ്തു. നിക്ഷേപകരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും നിക്ഷേപം സമാഹരിക്കുന്നതിനുമായി 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെയുള്ള ഒരു മാസക്കാലം സഹകരണ മേഖലാ സംരക്ഷണ ക്യാമ്പയിൻ സംഘടിപ്പിച്ചു. 2016 ഡിസംബർ 18 സഹകരണ മേഖലാ സംരക്ഷണ ദിനമായി ആചരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും, താലൂക്ക് തലത്തിലും, സംഘം തലത്തിലും മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചു. ക്യാമ്പയിന്റെ ഭാഗമായി സഹകാരികൾ കേരളത്തിലെ 17,20,682 ഭവനങ്ങൾ സന്ദർശിച്ചു. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 31 വരെ നിക്ഷേപ സമാഹരണ യജ്ഞം നടത്തി. |

| | | | |
|---|---|---|---|
| (ബി) | നോട്ട് പിൻവലിച്ച ശേഷം സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട ആശങ്ക പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ; | (ബി) | നോട്ട് പിൻവലിച്ച ശേഷം സഹകരണ മേഖലയിലെ ഇടപാടുകാർ നേരിട്ട ആശങ്ക പരിഹരിക്കുന്നതിലേയ്ക്കായി സഹകരണ മേഖലയിലെ നിക്ഷേപകർക്ക് സുരക്ഷിതത്വം ഉറപ്പാക്കുന്ന നടപടി സ്വീകരിച്ചു. 500/-,1000/- രൂപ നോട്ടുകൾ അസാധുവാക്കിയതുമായി ബന്ധപ്പെട്ട് സഹകരണ മേഖലയിൽ ഉടലെടുത്തിട്ടുള്ള പ്രതിസന്ധി കറൻസി ലഭ്യതയുമായി മാത്രം ബന്ധപ്പെട്ടുള്ളതും താൽക്കാലികം മാത്രമാണെന്നും നിക്ഷേപ തുക യാതൊരു കാരണവശാലും നഷ്ടമാകില്ലെന്നും ബാങ്കിംഗ് റഗുലേഷൻ ആക്ടിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങൾക്ക് റിസർവ് ബാങ്കിന്റെ കീഴിലുള്ള ഡെപ്പോസിറ്റ് ഇൻഷ്വറൻസ് ആന്റ് ക്രെഡിറ്റ് ഗ്യാരന്റി കോർപ്പറേഷന്റെ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും പ്രാഥമിക സഹകരണ സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കേരള സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ നിക്ഷേപ സുരക്ഷാ സ്കീം ബാധകമാണെന്നും ആയതിനാൽ കറൻസി അസാധുവാക്കിയതു മുഖേന സമ്പദ്ഘടനയുടെ പ്രത്യേകിച്ച് കാർഷിക, ചെറുകിട വ്യാപാര മേഖലയിലുണ്ടായ മാന്ദ്യം മറികടക്കുന്നതിന് കേരള സർക്കാർ ബദൽ മാർഗ്ഗങ്ങൾ ആലോചിക്കുകയും, കറൻസി അസാധുവാക്കൽ മൂലമുണ്ടായ പ്രതിസന്ധി മറികടക്കുന്നതിന് സഹകരണ പ്രസ്ഥാനത്തോടൊപ്പം ഉറച്ച് നിൽക്കണമെന്ന് സഹകരണ മേഖലയിലെ ഇടപാടുകാരുടെ ശ്രദ്ധക്കായി പത്രപ്പരസ്യം നൽകിയിരുന്നു.<br><br>നോട്ട് അസാധുവാക്കിയതുമൂലം ജനങ്ങൾക്കുണ്ടായ അസൗകര്യം ലഘൂകരിക്കുന്നതിനായി 2017 മാർച്ച് 31 വരെ റവന്യൂ റിക്കവറി/ജപ്തി ഉൾപ്പെടെയുള്ള നിർബന്ധിത നടപടികൾക്ക് സർക്കാർ മൊറട്ടോറിയം പ്രഖ്യാപിച്ചിട്ടുണ്ട്.<br><br>2016-17 സാമ്പത്തിക വർഷം വായ്പ ക്രമപ്രകാരം തീർപ്പാക്കുന്ന ഇടപാടുകാർക്ക് പ്രസ്തുത സാമ്പത്തിക വർഷം തിരിച്ചടവ് |

| | | | |
|---|---|---|---|
| | | | പലിശ തുകയുടെ 10% ഇളവ് അനുവദിക്കുകയും കുടിശ്ശിക വായ്പാക്കാർക്ക് ഇളവുകൾ നൽകുകയും ചെയ്യുന്ന "നവ കേരളീയം കുടിശ്ശിക നിവാരണ പദ്ധതി 2017", നടപ്പാക്കുകയുണ്ടായി. ഇത് സഹകരണ മേഖലയുടെ വിശ്വാസ്യത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ ബിസിനസ്സുകൾ സാധ്യമാക്കുന്നതിനും ഉപകരിച്ചിട്ടുണ്ട്. |
| (സി) | ന്യൂ ജനറേഷൻ ബാങ്കുകളിലേയ്ക്ക് സഹകരണ മേഖലയിലെ നിക്ഷേപങ്ങൾ പിൻവലിച്ച് കൊണ്ടു പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? | (സി) | അസാധുവാക്കപ്പെട്ട 500, 1000 രൂപാ നോട്ടുകൾ നിക്ഷേപിക്കുന്നതിലേക്കായി ന്യൂജനറേഷൻ ബാങ്കുകളെ നോട്ട് നിരോധന കാലയളവിൽ സമീപിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ